A

# സമഗ്ര ശിക്ഷാ, കേരളം

802

# വാർഷിക മൂല്യനിർണ്ണയം 2023–24

ക്ലാസ് : 8

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(1 സ്കോർ വീതം)** **(4 x 1 = 4)**

1. "വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ"

(മാണിക്യവീണ)

ചന്ദനാമോദം കലർന്ന ഭാഷ എന്ന പ്രയോഗം നൽകുന്ന സൂചനയെന്ത്?

- മലയാളഭാഷയുടെ സൗന്ദര്യം
- ചന്ദനത്തിന്റെ സൗന്ദര്യം
- മലയാളഭാഷയിലെ സാഹിത്യസമ്പത്ത്
- ചന്ദനനിറമുള്ള ഭാഷ

2. "ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കി;ന്നെൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!"

(പെരുന്തച്ചൻ)

ഈ വരികളിൽ തെളിയുന്ന പെരുന്തച്ചന്റെ അവസ്ഥയെന്ത്?

- മടിപിടിച്ച് വീട്ടിലിരിക്കുന്നു.
- ശാരീരികവും മാനസികവുമായി തകർന്നുകിടക്കുന്നു.
- സ്വന്തം സുഖം മാത്രം പരിഗണിക്കുന്നു.
- ഏകാന്തതയിലാണ് ഏറ്റവും വലിയ സന്തോഷമെന്നു കരുതുന്നു.

3. ശരിയായി പിരിച്ചെഴുതിയത് ഏത്?

- തുമ്പക്കുടം - തുമ്പ,ക്കുടം
- വിണ്ടലം - വിൺ, ത്തലം
- തിരുവാതിര - തിരു, ആതിര
- നീലക്കാർ - നീല, ക്കാർ

(മറുപുറം)

4. “സാധുവാം കൃഷകന്നു നൽകുവാൻ പ്രകൃത്യംബ
സാമോദം സംഭരിച്ച രത്നങ്ങൾ നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം”

(കവിതയോട്)

ഇവിടെ രത്നങ്ങൾ എന്നു സൂചിപ്പിക്കുന്നത് എന്തിനെയാണ്?

- സ്വർണ്ണത്തെ
- പൂക്കളെ
- നെല്ലിനെ
- പണത്തെ

5. “വെള്ളക്കടലാസിരുന്നു മുഷിയുന്നു. പേന കോട്ടുവായിടുന്നു.”

(കളിയച്ഛൻ ജനിക്കുന്നു)

ഈ വാക്യങ്ങളുടെ ആശയത്തിന് ഏറ്റവും ഉചിതമായത് ഏത്?

- കവി കവിതയെഴുതിക്കഴിഞ്ഞു.
- കടലാസിനും പേനയ്ക്കും കവിത ഇഷ്ടപ്പെട്ടില്ല.
- കവിക്ക് കവിത എഴുതാൻ താൽപര്യമില്ല.
- കവിക്ക് കവിതയെഴുതാൻ കഴിയാത്തതിന്റെ നിരാശ.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(2 x 2 = 4)**

6. “ആംഗലവാഴ്ചയും യുദ്ധക്കെടുതിയും
ആകെയെൻ ഗ്രാമം തകർത്തിരുന്നു.”

(വേദം)

ഈ വരികളിൽ തെളിയുന്ന സാമൂഹികജീവിതാവസ്ഥകൾ കണ്ടെത്തി എഴുതുക.

7. ‘സ്വർണ്ണം വിളയുന്ന കിഴക്കേ ദിക്ക്. ചെങ്കതിർമാല ചൊരിയുന്ന ഉദയസൂര്യപ്രഭ.’

(കളിയച്ഛൻ ജനിക്കുന്നു)

ഈ വാക്യങ്ങളിലെ വർണ്ണനാഭംഗി വ്യക്തമാക്കുക.

8. “എന്നാലുമമ്മേ, നിന്നെക്കണ്ടീല; നീയെങ്ങാവോ!
നിന്നുണ്ണിയായോരെന്നെക്കൈവിട്ടു മറകയോ?”

(കവിതയോട്)

കവി ഇങ്ങനെ സങ്കടപ്പെടുന്നത് എന്തുകൊണ്ടാവാം? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

(മറുപുറം)

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5 x 4 = 20)**

9.
- കരച്ചിൽ വടുകെട്ടിയ മുഖം.
- തേവിത്തേവി വറ്റിപ്പോയ കിണർ.
- പിഞ്ഞിക്കീറിയ പേഴ്സ്.

(അമ്മമ്മ)

സൂചനകളും പാഠഭാഗവും പരിഗണിച്ച് അമ്മമ്മയുടെ ജീവിതാവസ്ഥ വ്യക്തമാക്കുക.

10. "ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ;" (എന്റെ ഗുരുനാഥൻ)

കവിയുടെ ഈ നിരീക്ഷണങ്ങൾ ഗാന്ധിജിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.

11. "ആത്മാഭിമാനവും ആത്മവിശ്വാസവും തിരിച്ചുതരുന്നതിലൂടെ എനിക്കവൻ എന്റെ ജീവിതം തന്നെയാണ് കൃഷ്ണാ, തിരിച്ചുതന്നത്! നിങ്ങളെല്ലാം ഇന്നു കാണുന്ന ഈ ജീവിതം സുയോധനൻ അന്നെനിക്കു ദാനമായി നൽകിയ ജീവിതമാണ്."

(ധർമ്മിഷ്ഠനായ രാധേയൻ)

പാഠസന്ദർഭം വിശകലനം ചെയ്ത് കർണ്ണനും സുയോധനനും തമ്മിലുള്ള ബന്ധത്തിന്റെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

12. "പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടി" (കവിതയോട്)

വരികൾ വിശകലനം ചെയ്ത് കാവ്യഭംഗി വ്യക്തമാക്കുക.

13. "ഭാരതപ്പുഴവക്ക്. നീലരാത്രി, വൈരപ്പൊടി ചിതറിയ ആകാശം. ദൂരെ മങ്ങിയ മലനിര. പുഴയുടെ ഏകാന്തശാന്തസംഗീതം." (കളിയച്ഛൻ ജനിക്കുന്നു)

കാണുന്നതെല്ലാം കവിതയാക്കുന്ന കവിയാണ് പി. കുഞ്ഞിരാമൻ നായർ.

ഈ പ്രസ്താവന ആത്മകഥാഭാഗവുമായി ബന്ധിപ്പിച്ച് വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

14. "എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ,
എൻകണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?
കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങീപോലും;
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പോമോ?"

(പെരുന്തച്ചൻ)

സമൂഹത്തിന്റെ അപവാദപ്രചരണങ്ങൾക്ക് ഇരയായിത്തീരുന്ന മനുഷ്യരുടെ ആത്മസംഘർഷങ്ങളാണ് പെരുന്തച്ചന്റെ ചോദ്യങ്ങളിലുള്ളത്.
ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

(മറുപുറം)

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)

15. • "കേരളത്തുമൊഴിയെന്നു കേട്ടാൽ മതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം."

(മാണിക്യവീണ)

• "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ."

(എന്റെ ഭാഷ)

ഓരോ മനുഷ്യനും അമ്മയോളം പ്രിയപ്പെട്ടതാണ് മാതൃഭാഷ.

വരികളും പ്രസ്താവനയും വിശകലനം ചെയ്ത് 'മാതൃഭാഷയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

16. • "താനെന്നും ഇന്നും കലാസപര്യക്കുവേണ്ടി ജീവിതമുഴിഞ്ഞുവച്ചവനാണ്."

• "ആശാൻ കിരീടം തൊട്ടു വന്ദിച്ചു; നമസ്കരിച്ചു. എന്തുകൊണ്ടോ കണ്ണുനിറഞ്ഞിരുന്നു."

• "അരങ്ങൊഴിയുന്നതിനു മുമ്പായുള്ള അവസാനത്തെ വേഷം.അതുകൊണ്ട് അരങ്ങു തകർക്കുന്ന കളിയാവും."

(കീർത്തിമുദ്ര)

ആശാൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം? കഥയിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

17. ആശയം, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**ഞങ്ങളുടെ മുത്തശ്ശി**

നിങ്ങൾക്കുള്ളതുപോലെൻ നാട്ടിൽ
ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി!
കഥപറയാറു, —ണ്ടന്തിക്കോരോ
കവിതകൾ മാനത്തുലയുമ്പോൾ,
വെള്ളരിയുടെ മലർമൊട്ടുകൾ മഞ്ഞ
പ്പുള്ളികൾ കുത്തിയ പാടത്തിൽ,
നീലക്കറുകക,ളുണിമുക്കുറ്റികൾ
ചേല വിരിച്ച വരമ്പിന്മേൽ,
കൂടും ഞങ്ങൾ മുത്തശ്ശിയുമായ്
കൂലിക്കാരുടെ കഥ പറയാൻ!

(വയലാർ രാമവർമ്മ)